ആർട്സ്&സയൻസ് കോളേജുകൾക്കായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി ഉൾപ്പെടെ വിവിധ സർക്കാർ കോളേജുകൾക്കായി നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളൊന്നും സെന്റർ ഓഫ് എക്സലൻസായി ഉയർത്തിയിട്ടില്ല. ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനും സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കാനും മേഖലാ തലങ്ങളിൽ മാതൃകകളിൽ മാതൃകയുടെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. സെന്റർ ഓഫ് എക്സലൻസ് സ്കീം നടപ്പിലാക്കിയിട്ടുള്ള ആർട്സ് &സയൻസ് കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു :

2012-13	1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
	2. മഹാരാജാസ് കോളേജ്, എറണാകുളം
	3. ഗവ.ബ്രണ്ണൻ കോളേജ്, തലശ്ശേരി
2013-14	1. ഗവ. കോളേജ്, കാസർഗോഡ്
	2. ശ്രീനീലകണ്ഠ സംസ്കൃത കോളേജ്,പട്ടാമ്പി
	3. ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്
2014-15	1. ഗവ. കോളേജ്, മടപ്പള്ളി
	2. ഗവ. കോളേജ് ഫോർ വിമൻ, തിരുവനന്തപുരം
	3. ഗവ. ആർട്സ്&സയൻസ് കോളേജ്, കോഴിക്കോട്
	4. കെ.എം.എം. വിമൻസ് കോളേജ്, കണ്ണൂർ

ഒരു സീറ്റിൽ രണ്ടുപേരുടെ ഫീസ് ഈടാക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

3(4597) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും മെരിറ്റ് ലിസ്റ്റിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ച എന്നാൽ പിന്നീട് ഹയർ ഓപ്ഷൻ ലഭിച്ച് ഉപരി പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജുകൾ ഈടാക്കിയ ഫീസ് തിരികെ നൽകുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഈടാക്കിയ ഫീസ് തിരികെ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു സീറ്റിൽ തന്നെ ഇപ്രകാരം രണ്ടുപേരുടെ ഫീസ് (Double fees)ഈടാക്കുന്ന ഇത്തരം സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10-6-2014-ലെ ജി.ഒ.(എംഎസ്.)നമ്പർ 258/14/ഉ.വി.വ. നമ്പർ ഉത്തരവുപ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അവസാനഘട്ട അലോട്ട്മെന്റ് 25-07-2014-നകം പൂർത്തിയാക്കണമെന്നും പ്രസ്തുത തീയതിക്കുശേഷം റ്റി.സി. വാങ്ങി വിടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾ മുഴുവൻ കോഴ്സുകളിലേക്കുള്ള ഫീസ് നൽകണമെന്നും എന്നാൽ ഇങ്ങനെ വിടുതൽ ചെയ്ത് ഒഴിവുവന്ന സീറ്റ് സ്ഥാപനം നികത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥി അടച്ച ഫീസ് സ്ഥാപനം തിരികെ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ അവസാനഘട്ട അലോട്ട്മെന്റിനുശേഷം വിടുതൽ ചെയ്ത വിദ്യാർത്ഥിയുടെ ഒഴിവ് പ്രസ്തുത കോളേജ് നികത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥിയിൽ നിന്ന് ഈടാക്കിയ ഫീസ് കോളേജിൽ നിന്ന് തിരികെ ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ സമീപിക്കാവുന്നതാണ്.

(ബി) നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു സീറ്റിൽ രണ്ടുപേരുടെ ഫീസ് (Double Fees) സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഈടാക്കുവാൻ വ്യവസ്ഥയില്ല. ഇത്തരത്തിൽ Double Fees വാങ്ങുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ

4 (T4600) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ അനധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നല്കുമോ ;

(ബി) അനധ്യാപക സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ E1/10865/2012 പ്രകാരമുള്ള ഫയലിലെ റിപ്പോർട്ട് സർക്കാരിലേക്കു ലഭിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

(സി) അധ്യാപക തസ്തികകൾക്ക് ആനുപാതികമായി അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly